# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5024** **14/11/2019 ൽ മറുപടിക്ക്**

**കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി**

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.എം. നൗഷാദ്
ശ്രീ.സജി ചെറിയാൻ
ശ്രീ.എൻ. വിജയൻ പിള്ള

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

(എ) കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എ) തോട്ടണ്ടിയുടെ ദൗർലഭ്യം കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളിലൊന്നാണ്. ഇറക്കുമതിയിലൂടെയാണ് കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നത്. എന്നാൽ ലഭ്യമായ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കലാണ് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തര തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1.<u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്കു വിധേയമായി ഒറ്റത്തവണ ധന സഹായമായി നൽകുന്നു.

2.<u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ

സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3.മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതി പ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകി വരുന്നു.

4.ഹൈഡൻസിറ്റി പ്ലാന്റിംഗ്- ഈ പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു.

5. മാതൃക കശുമാവിൻ തോട്ടം - സർക്കാർ/ അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുംകൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.

| | |
|---|---|
| (ബി) മറ്റു രാജ്യങ്ങളിൽ നിന്നും അസംസ്കൃത കശുവണ്ടി ഇടനിലക്കാരില്ലാതെ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് തുടർച്ചയായി കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്തുവരുന്നു. ഇതിനകം 20,000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസനകോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഗവണ്മെന്റ് ടു |

ഗവൺമെന്റ് സംവിധാനത്തിൽ തോട്ടണ്ടി നേരിട്ട് സംഭരിക്കാൻ കേരള കാഷ്യൂ ബോർഡ് ശ്രമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കേരള കാഷ്യൂ ബോർഡ്, ഐവറികോസ്റ്റിലെ കോട്ടൺ ആന്റ് കാഷ്യൂ കൗൺസിലുമായി 18/04/2019-ൽ ഒരു ധാരണാപ്പത്രം ഒപ്പിട്ടിട്ടുണ്ട്. സമാന രീതിയിൽ സെനഗൽ സർക്കാരുമായും ഒരു ധാരണപ്പത്രം ഒപ്പിടുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി അത്യല്പാദന ശേഷിയുളള കശുമാവിൻ തൈകൾ കൂടുതൽ പ്രദേശങ്ങളിൽ നട്ടു വളർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കെ.എസ്.എ.സി.സി അത്യൽപ്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നതോടൊപ്പം, കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കർഷക പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയും നടത്തുന്നുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കേരളത്തിലെ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് കുറഞ്ഞ സ്ഥലത്ത് കൂടുതൽ തൈകൾ നടുക എന്ന ലക്ഷ്യത്തോടെ ഹൈഡെൻസിറ്റി പ്ലാന്റിംഗ് എന്ന പുതിയ രീതി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

(ഡി) പരമ്പരാഗത തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ എന്തെല്ലാം ആധുനികവത്കരണമാണ് ഈ മേഖലയിൽ കൊണ്ടുവരാൻ സാധിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

(ഡി) പരമ്പരാഗത കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ ആധുനീകവത്ക്കരണത്തിനും നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 2017-18 ബഡ്ജറ്റിൽ വകയിരുത്തി നൽകിയ 40 കോടി രൂപ വിനിയോഗിച്ച് ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനം, നവീകരണ പദ്ധതികൾ, അത്യാധുനിക രീതിയിലുള്ള ഫില്ലിംഗ്, പാക്കിംഗ് സെന്ററുകളുടെ സ്ഥാപനം, പാർഷ്യൽ

മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, ആധുനികരീതിയിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകൾ, ഡൈനിംഗ് ഹാൾ, തൊട്ടിപ്പുര, ജോലിസ്ഥലത്ത് ആവശ്യത്തിനു ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവ ഉടരുന്നു.

കാപ്പെക്സ് ഫാക്ടറികളിൽ ആധുനികവത്ക്കരണത്തിന്റെയും ഭാഗികമായ യന്ത്രവത്ക്കരണത്തിന്റെയും ഭാഗമായി ഷെല്ലിംഗ് സെക്ഷനുകളിൽ കട്ടിംഗ് മെഷീൻ സ്ഥാപിച്ചു കഴിഞ്ഞു. ആയതുപോലെ പീലിംഗ് ടേബിൾ, ട്രേഡിംഗ് ടേബിൾ എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ഘട്ടം ഘട്ടമായി പൊതുമേലയിലെ മുഴുവൻ ഫാക്ടറികളും ആധുനകവൽക്കരിക്കാനും ഭാഗികമായി യന്ത്രവൽക്കരിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

Radhakrishnan

സെക്ഷൻ ഓഫീസർ